പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 123

08-06-2018 ൽ മറുപടിക്ക്

**<u>കാർഷിക മേഖലയിലെ യന്ത്രവൽക്കരണം</u>**

<u>ചോദ്യം</u>
ശ്രീ.ഷാഫി പറമ്പിൽ
,, എൽദോസ് പി. കുന്നപ്പിള്ളിൽ
,, വി.ടി.ബൽറാം
,, പി.ടി. തോമസ്

<u>മറുപടി</u>
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | യഥാസമയം യന്ത്രവൽക്കരണം നടത്താതിരുന്നതാണ് നെൽകൃഷി തുടങ്ങിയ കാർഷിക മേഖലകളിൽ ഉത്പാദനം കുറയുന്നതിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | യന്ത്രവൽക്കരണം മൂലം കാർഷികോൽപ്പാദനം വർദ്ധിച്ചതായും കൃഷി ചെലവ് ആനുപാതികമായി കുറയുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കൃഷിയിടങ്ങൾ യന്ത്രവൽക്കരിക്കുവാൻ മിഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | കാർഷിക യന്ത്രവൽക്കരണത്തിനായി രൂപീകരിച്ചിട്ടുള്ള കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ, കസ്റ്റം ഹയറിംഗ് സെന്റർ എന്നിവയുടെ ഏകോപനത്തിനും മേൽനോട്ടത്തിനുമായി കേരളാ കാർഷിക സർവ്വകലാശാല വൈസ്ചാൻസലർ മിഷൻ ഡയറക്ടറായി കേരള സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ മിഷൻ (കെ.എസ്.എ.എം.എം) രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും സംസ്ഥാന തലത്തിൽ ഡോ. യു. ജയകുമാരനെ സ്പെഷ്യൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്. |
| (സി) | യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ അഭാവമാണ് യന്ത്രവൽക്കരണത്തിന് തടസ്സമായതെന്ന് കണ്ടെത്തിയിട്ടുണ്ടോ; മിഷൻ രൂപീകരിക്കുന്നതിലൂടെ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെ ലഭ്യമാക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് വേണ്ടത്ര വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ അഭാവം നിലവിലുണ്ട്. ട്രാക്ടറുകളും ടില്ലറുകളും കൊയ്ത്തു യന്ത്രങ്ങളും പ്രവർത്തിപ്പിക്കുന്നതിന് വൈദഗ്ദ്ധ്യമുള്ള പരിചയ സമ്പന്നരായ പ്രവർത്തകരെ ആവശ്യമുണ്ട്. വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെ തയ്യാറാക്കുന്നതിനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുക എന്നത് കേരള സംസ്ഥാന കാർഷിക യന്ത്രവല്ക്കരണ മിഷന്റെ പ്രധാന ലക്ഷ്യമാണ്. കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ, മിഷൻ ഡയറക്ടറായുള്ള കെ.എസ്.എ.എം.എം ന്റെ കീഴിൽ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഇതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കുടുംബശ്രീ പ്രവർത്തകരെ കൃഷിയിലേക്ക് ആകർഷിക്കുന്നതിന് സ്ത്രീ സൗഹൃദ കാർഷിക ഉപകരണങ്ങൾ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഡി) | സ്ത്രീ സൗഹൃദ കാർഷിക യന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും, പരിശീലനം നൽകി ശാക്തീകരിച്ച് പ്രവർത്തന സജ്ജരാക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കാർഷിക മേഖലയിലേക്ക് വനിതാ കൂട്ടായ്മകളെ ആകർഷിക്കുന്നതിന് യന്ത്രവൽക്കരണം സഹായിക്കുന്നുണ്ട്. |
| (ഇ) | മിഷന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ? | (ഇ) | കേരള കാർഷിക യന്ത്രവൽക്കരണ മിഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മിഷൻ പ്രവർത്തനത്തിന്റെ ആദ്യപടിയായി, കേരള സംസ്ഥാനത്തുടനീളമുള്ള കാർഷിക യന്ത്രങ്ങളുടെ മുഴുവൻ വിവരം ശേഖരിച്ച് കാർഷിക യന്ത്രങ്ങളുടെ സൈബർ സെൽ സജ്ജമാക്കുന്നതിന്റെ പ്രവർത്തനം നടന്നുവരുന്നു. സംസ്ഥാനത്ത് 200 കാർഷിക കർമ്മസേനകളും 79 അഗ്രോസർവ്വീസ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.<br>നിലവിൽ ലഭ്യമായിട്ടുള്ള എല്ലാ കാർഷിക യന്ത്രങ്ങളുടെയും അറ്റകുറ്റ പണി തീർത്ത് പ്രവർത്തനസജ്ജമാക്കി കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. കൂടാതെ സംസ്ഥാനത്ത് പ്രവർത്തനയോഗ്യമല്ലാത്ത എല്ലാ കാർഷിക യന്ത്രങ്ങളുടെയും വിവരം ശേഖരിച്ച് നിയമാനുസൃതം ഇവയെല്ലാം ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.<br>എല്ലാ ബ്ലോക്കുകളിലും കാർഷിക സേവന കേന്ദ്രവും എല്ലാ പഞ്ചായത്തുകളിലും കാർഷിക കർമ്മ സേനയും സ്ഥാപിക്കുന്ന പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോവുകയാണ്. ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും, സുസജ്ജമാക്കുന്നതിനുമുള്ള പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ ലഭ്യമായിട്ടുള്ള എല്ലാ കാർഷിക യന്ത്രങ്ങളുടേയും അറ്റകുറ്റപണി തീർത്ത് പ്രവർത്തന സജ്ജമാക്കി കൃഷിക്കാർക്കു ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. കൂടാതെ സംസ്ഥാനത്ത് പ്രവർത്തന യോഗ്യമല്ലാത്ത എല്ലാ കാർഷിക യന്ത്രങ്ങളുടേയും വിവരം ശേഖരിച്ച് നിയമാനുസൃതം ഇവയെല്ലാം ഒഴിവാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കർഷകർക്ക് കാർഷിക യന്ത്രോപകരണങ്ങളുടെ ലഭ്യതയെക്കുറിച്ച് അറിയുന്നതിനും സേവനം ലഭ്യമാക്കുന്നതിനുമായി www.asha.kerala.gov.in എന്ന വെബ് സൈറ്റ് ഉടൻ തന്നെ പ്രവർത്തന സജ്ജമാകുന്നതാണ്.<br>കൂടാതെ എല്ലാ കാർഷിക കർമ്മസേനകളും കാർഷിക സേവന കേന്ദ്രങ്ങളും കാര്യക്ഷമമായും സുസ്ഥിരമായും സ്വയം പര്യാപ്തമായും പ്രവർത്തിക്കുന്നതിന് ബിസിനസ് പ്ലാൻ തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവയുടെ ഏകോപനത്തിനും മെച്ചപ്പെട്ട പ്രവർത്തനത്തിനുമായി ഒരു കരട് മാന്വൽ തയ്യാറാക്കിയിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് ആവശ്യമായ വിദഗ്ധരായ തൊഴിലാളികളെ നിർണ്ണയിച്ച് അടുത്ത മൂന്നു വർഷത്തിനുള്ളിൽ അവർക്ക് പരിശീലനം നൽകി തയ്യാറാക്കുന്നതിനുള്ള കർമ്മ പരിപാടികൾ മിഷൻ മുഖാന്തിരം ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ